## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4693 26.10.2016-ലെ മറുപടി

### കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | ജലവിഭവ വകുപ്പിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനും ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ | കേരള ജല അതോറിറ്റിയുടെ കീഴിൽ ഗ്രാമ നഗര മേഖലകളിലായി 1076 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. NABARD, NRDWP, മറ്റ് സർക്കാർ വകുപ്പുകൾ State Plan, MLA-ADS, MP-LAD തുടങ്ങിയ നിരവധി ഏജൻസികളുടെ ധനസഹായത്തോടെ 6726 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 1600 കോടി രൂപയുടെ പദ്ധതികൾ KIIFB സഹായത്തിനും 137.5 കോടി രൂപയുടെ പദ്ധതികൾ NABARD സഹായത്തിനും സമർപ്പിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുമായി ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളെ തരംതിരിച്ച് പുതിയ പദ്ധതികൾക്കായി സർവ്വെ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ധനലഭ്യത ഉറപ്പ് വരുത്തി പദ്ധതികൾ അസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>ലോകബാങ്ക് ധന സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന നടപ്പിലാക്കുന്ന 1358 കോടി രൂപ മുതൽ മുടക്കുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ 115 ഗ്രാമ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ചെറുതും വലുതുമായ പുതിയ കുടിവെള്ള പദ്ധതികൾ വഴിയും ജല അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തിന്റെയും ഏക പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് പുനരുദ്ധരിച്ച് അവ ഗുണഭോക്തൃ സമിതികൾക്ക കൈമാറിയും ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്നു. സുസ്ഥിര കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് രണ്ടാംഘട്ട പദ്ധതിയിൽ സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ |

അതോറിറ്റിയുടെ ബൃഹദ് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി ജലനിധി മാതൃകയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതുപോലെ തന്നെ കേരള വാട്ടർ അതോറിറ്റിയുടെ മൾട്ടി ജി.പി ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി, ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം നൽകുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി നടപ്പിലാക്കി വരുന്നു.

ബി ജലവിഭവ വകുപ്പിന് കീഴിൽ കുഴൽകിണറുകൾ നിർമ്മിച്ചു കൊടുക്കാറുണ്ടോ;

ബി ജലവിഭവവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഭൂജല വകുപ്പ് കുഴൽകിണർ നിർമ്മിച്ചു കൊടുക്കാറുണ്ട്.

സി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കുഴൽകിണറുകൾ നിർമ്മിച്ചിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ?

സി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ല തിരിച്ചുള്ള കുഴൽക്കിണറുകളുടെ (നിർമ്മാണം) എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | മെയ് 2016 മുതൽ സെപ്റ്റംബർ 2016 വരെ കുഴിച്ച കുഴൽ കിണറുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 89 |
| 2 | കൊല്ലം | 99 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 90 |
| 5 | കോട്ടയം | 77 |
| 6 | ഇടുക്കി | 12 |
| 7 | എറണാകുളം | 22 |
| 8 | തൃശ്ശൂർ | 41 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 21 |
| 11 | കോഴിക്കോട് | 21 |
| 12 | വയനാട് | 29 |
| 13 | കണ്ണൂർ | 46 |
| 14 | കാസർഗോഡ് | 45 |

Renuka Sankar
സെക്ഷൻ ഓഫീസർ